പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1540 — 06.03.2018 ൽ മറുപടിക്ക്

## യാത്രാ സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ കാലപ്പഴക്കം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം. മുകേഷ് : | | ശ്രീ. എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
| (എ) കൊല്ലം ബോട്ട് ജെട്ടിയിൽ നിന്നും നടത്തി വരുന്ന യാത്രാ സർവ്വീസുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | 1. കൊല്ലം - കുരീപ്പുഴ ഫെറി<br>2. കൊല്ലം - ആലപ്പുഴ<br>3. കൊല്ലം - സാമ്പ്രാണിക്കോടി<br>4. കൊല്ലം - പേഴുംതുരുത്ത്<br>എന്നിവയാണ് സംസ്ഥാന ജലഗതാഗതവകുപ്പ് കൊല്ലം ജെട്ടിയിൽ നിന്നും നടത്തി വരുന്ന യാത്രാ സർവ്വീസുകൾ. |
| (ബി) പ്രസ്തുത സർവ്വീസുകൾ നടത്തുന്നതിന് ഉപയോഗിച്ചു വരുന്ന ബോട്ടുകളുടെ കാലപ്പഴക്കം സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ; | (ബി) | ബോട്ടുകൾ — കാലപ്പഴക്കം<br>എസ് 18 - 7 വർഷം<br>എസ് 20 - 9 വർഷം<br>എസ് 25 - 9 വർഷം<br>എസ് 55 - 4 വർഷം |
| (സി) കാലപ്പഴക്കം ചെന്ന യാത്രാ ബോട്ടുകൾ അടിയ്ക്കടി തകരാറിലാകുന്നതിനാൽ സർവ്വീസ് മുടങ്ങുന്നത് മൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടിന് പരിഹാരമായി പുതിയ ബോട്ടുകൾ അനുവദിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) | വകുപ്പിന്റെ കൊല്ലം സ്റ്റേഷനിൽ സർവ്വീസ് നടത്തുന്ന ബോട്ടുകൾ അധികം കാലപ്പഴക്കം ഉള്ളതല്ല. നിലവിലുള്ള ബോട്ടുകൾ ഉപയോഗിച്ച് കൃത്യമായി സർവ്വീസ് നടത്തി വരുന്നുണ്ട്. തുടർച്ചയായി സർവ്വീസ് നടത്തുന്നതു മൂലം ഉണ്ടാകുന്ന ചെറിയ തകരാറുകൾ അപ്പപ്പോൾ തന്നെ പരിഹരിച്ച് പരമാവധി സർവ്വീസുകൾ നടത്തി വരുന്നു. ഇതിനാവശ്യമായ സ്പെയർ പാർട്സും ജീവനക്കാരെയും നൽകി വരുന്നു. മേജർ റിപ്പയറിനായി ബോട്ടുകൾ, വകുപ്പിന്റെ ആലപ്പുഴയിലുള്ള ഡോക്ക് ആന്റ് റിപ്പയർ വിഭാഗത്തിൽ കയറ്റുന്ന അവസരത്തിൽ സ്പെയർ ബോട്ട് നൽകി വരുന്നുണ്ട്. പെട്ടെന്നുണ്ടാകുന്ന സാങ്കേതിക തകരാറുകൾ മൂലം ചില അവസരങ്ങളിൽ ട്രിപ്പുകൾ മുടങ്ങാറുണ്ട്. സംസ്ഥാന ജലഗതാഗത വകുപ്പിനു കീഴിലുള്ള കാലപ്പഴക്കം ഉള്ള 14 ബോട്ടുകൾ മാറ്റി പുതിയ ബോട്ടുകൾ സർവ്വീസിന് ഉപയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ